Santhigiri

# ഉമ്മിണിതങ്കം

VOL 05 | ISSUE 40 | 2019 ഒക്ടോബർ 06 | 1195 കന്നി 20

Newspaper published from Santhigiri Ashram / For Private Circulation Only / www.santhigiriashram.org / തിരുവനന്തപുരം റൂറൽ

### ഗുരുവാണി

"സന്ന്യാസത്തിന് ആശ്രമം തന്നെ വേണമെന്നില്ല. എന്നാൽ വേണം. സന്ന്യസിച്ച് ജീവിതം പൂർണ്ണമായി മതിയായി എന്നു വരുമ്പാൾ ആശ്രമം വേണം. ഇതിനു വേണ്ടി ഒരു ആശ്രമവും അതിന്റെ മറ്റ് ഇണക്കുകളും വേണം. സാധുക്കൾ ഇല്ലാത്ത ഇടം കെട്ടത്. ആരാണ് സാധുക്കൾ? ഈ പറഞ്ഞ സന്ന്യാസിമാർ, സത്തുക്കളാണവർ. അവർ ഭൗതികമായി ഒന്നും കരുതി ജീവിച്ചവരല്ല. അവർക്കുവേണ്ടി നിങ്ങൾ എന്തുചെയ്താലും അധികമല്ല."

# സങ്കല്പ പ്രാർത്ഥനാ ധന്യതയിൽ ശാന്തിഗിരി: സന്ന്യാസദീക്ഷാ വാർഷികം ചൊവ്വാഴ്ച

**സ്പിരിച്വൽ സോൺ:** ഈ വർഷത്തെ സന്ന്യാസദീക്ഷാവാർഷികം പ്രാർത്ഥനയ്ക്ക് പ്രാധാന്യം നൽകി ഒക്ടോബർ 8 ചൊവ്വാഴ്ച ശാന്തിഗിരി ആശ്രമത്തിൽ ആഘോഷിക്കും. 1984 ഒക്ടോബറിലെ വിജയദശമി നാൾ ഗുരു ആദ്യമായി സന്ന്യാസദീക്ഷ നൽകിയതിന്റെ 35-ാംവാർഷികമാണ് നടക്കുന്നത്. രാവിലെ 6 മണിയുടെ ആരാധനയ്ക്കു ശേഷം പർണശാലയിൽ സന്ന്യാസി സന്ന്യാസിനിമാരുടെ ഹാരസമർപ്പണവും പുഷ്പസമർപ്പണവും നടക്കും. തുടർന്ന് രക്ഷകർത്താക്കളുടെയും ആത്മബന്ധുക്കളുടെയും പുഷ്പസമർപ്പണം ഉണ്ടായിരിക്കും. രാവിലെ മുതൽ പ്രാർത്ഥനാലയത്തിൽ വിദ്യാരംഭം നടക്കും. ഉച്ചയ്ക്ക് 12 മണിക്ക് ശാന്തിഗിരി രക്ഷാകർതൃ സമിതിയുടെ വസ്ത്രസമർപ്പണം നടക്കും. വൈകുന്നേരം 6 മണിയുടെ ആരാധനയ്ക്കു ശേഷം സന്ന്യാസി സന്ന്യാസിനി സംഘത്തിന്റെയും ബ്രഹ്മചാരി ബ്രഹ്മചാരിണി സംഘത്തിന്റെയും ദീപപ്രദക്ഷിണം ഉണ്ടായിരിക്കും.

ഒക്ടോബർ 7 തിങ്കളാഴ്ച രാത്രി 8 മണിക്ക് സ്പിരിച്വൽ സോൺ ഓഡിറ്റോറിയത്തിൽ സന്ന്യാസദീക്ഷാ വാർഷികത്തോടനുബന്ധിച്ചുള്ള സത്സംഗം നടക്കും. ശാന്തിഗിരി ആശ്രമം പ്രസിഡന്റ് സ്വാമി ചൈതന്യ ജ്ഞാനതപസ്വി അധ്യക്ഷത വഹിക്കുന്ന ചടങ്ങിൽ ആശ്രമം ജനറൽ സെക്രട്ടറി സ്വാമി ഗുരുരത്നം ജ്ഞാനതപസ്വി മുഖ്യപ്രഭാഷണം നടത്തും. ആശ്രമം ഓർഗനൈസിംഗ് സെക്രട്ടറി സ്വാമി ഗുരുമിത്രൻ ജ്ഞാനതപസ്വി, ജോയിന്റ് സെക്രട്ടറി സ്വാമി നിർമ്മോഹാത്മ ജ്ഞാനതപസ്വി എന്നിവർ മഹനീയ സാന്നിധ്യം വഹിക്കും. സ്വാമി ജ്ഞാനദത്തൻ ജ്ഞാനതപസ്വി മോഡറേറ്റർ ആയിരിക്കും.

ശാന്തിഗിരിയിലെ സന്ന്യാസിമാർ ഏത് കർമ്മത്തെയും തപസ്സായി കാണുന്നവരാണ്. താൻ ഏർപ്പെടുന്ന കർമ്മരംഗത്തെ ഗുരുവിൽ അനുപ്രവേശിക്കാനുള്ള കർമമാണ് അവർക്ക് പ്രാർത്ഥന. തന്റെ കർമ്മമേഖലയിലൂടെ തന്നെ കർമ്മമോചനം പ്രാപിക്കാം എന്നാണവർ പ്രത്യാശിക്കുന്നത്. ജീവിതസാഫല്യത്തിന് ഗുരു നിർദ്ദേശിക്കുന്നതും കർമ്മമാണ്. ധർമ്മത്തിലൂന്നിയ കർമ്മത്തിലൂടെ സിദ്ധമാകുന്ന പുണ്യാംശംകൊണ്ട് ഭൗതികപുഷ്ടിയും ആത്മതുഷ്ടിയും യാഥാർത്ഥ്യമാക്കാൻ കഴിയും. വിധിവിഹിതമായ കർമ്മാനുഷ്ഠാനങ്ങളിൽ ജാഗ്രതയോടെ മുഴുകി ഗുരുവിന്റെ പ്രകാശത്തിന് അവകാശിയായാൽ ഗുരു എന്ന അതിരുകളില്ലാത്ത അനുഭവത്തിന്റെ അവകാശിയാകാനും കഴിയും. കർമ്മമേഖലയിൽ അതിന്റെ സൂക്ഷ്മഭാവങ്ങളും മറ്റുപാധികളും ചേർന്ന് അദൃശ്യമായ ഒരു പാരസ്പര്യം ഉണ്ട്. ആ പാരസ്പര്യമാണ് വിജയത്തിന്റെ അടിസ്ഥാനം.

ലൗകികജീവികൾക്ക് അഷ്ടമിയും നവമിയും വിജയദശമിയുമാണ് പ്രധാനം. അഷ്ടമിക്ക് ആയുധങ്ങളും ഉപകരണങ്ങളും പൂജയ്ക്കു വച്ച് മഹാനവമി പൂജകൾക്കുശേഷം വിജയദശമി രാവിലെ വിദ്യാരംഭം.

(ശേഷം മൂന്നാം പേജ് )



(ഫോട്ടോ ഭക്തപ്രിയൻ എസ്)

*സന്ന്യാസദീക്ഷ വാർഷികത്തോടനുബന്ധിച്ച് നടക്കുന്ന സങ്കല്പ പ്രാർത്ഥന*

## സമ്പൂർണ്ണ ഗുരുവാണി ഒന്നാംവാല്യം ഒക്ടോബർ 8ന് പ്രസിദ്ധീകരിക്കും

**സ്പിരിച്വൽ സോൺ:** ഒക്ടോബർ 8 സന്ന്യാസദീക്ഷ വാർഷിക ദിനത്തിൽ ശാന്തിഗിരി പബ്ലിക്കേഷൻസ് സമ്പൂർണ്ണ ഗുരുവാണിയുടെ ഒന്നാം വാല്യം പുറത്തിറങ്ങും. 700 രൂപയാണ് പുസ്തകത്തിന്റെ വില. ഒക്ടോബർ 8ന് ആശ്രമം പബ്ലിക്കേഷൻസ് കൗണ്ടറിൽ പുസ്തകം 500 രൂപയ്ക്ക് ലഭിക്കും. മുൻകൂട്ടി പുസ്തകം ബുക്ക് ചെയ്തവർക്ക് രസീതുമായി കൗണ്ടറിൽ നിന്ന് പുസ്തകം വാങ്ങാനാകും.

1977 മുതൽ ശാന്തിഗിരി ആദ്ധ്യാത്മിക മാസികയിലും ജയന്തിപ്പതിപ്പുകളിലും പ്രസിദ്ധീകരിച്ച ഗുരുവാണികളുടെ സമാഹാരമാണ് അഞ്ഞൂറിലേറെ പേജുള്ള ഈ ബൃഹദ് ഗ്രന്ഥം.



*ആശ്രയ വിശ്വമാനവികത പുരസ്കാരം മന്ത്രി കെ.രാജുവിൽ നിന്നും ശാന്തിഗിരി ആശ്രമം ജനറൽ സെക്രട്ടറി സ്വാമി ഗുരുരത്നം ജ്ഞാനതപസ്വി ഏറ്റുവാങ്ങുന്നു*

## വി.കെ.എൽ. ശാന്തി ഹോംസ് ഉദ്ഘാടനം ചെയ്തു

**ജ്യോതിപുരം :** അന്തർദ്ദേശീയ തലത്തിൽ പ്രശസ്തിയാർജ്ജിച്ച ബഹറിൻ ആസ്ഥാനമായി പ്രവർത്തിക്കുന്ന വി.കെ.എൽ. ഗ്രൂപ്പ് തിരുവനന്തപുരം ശാന്തിഗിരി ആശ്രമത്തിന് സമീപം നിർമ്മിച്ച വി.കെ.എൽ.ശാന്തി ഹോംസ് അപ്പാർട്ട്മെന്റ് ഫിഷറീസ് വകുപ്പ് മന്ത്രി ജെ.മേഴ്സിക്കുട്ടിയമ്മ ഉദ്ഘാടനം ചെയ്തു. സ്വാമി ജ്ഞാനദത്തൻ ജ്ഞാനതപസ്വി, സ്വാമി ഗുരുസവിധ് ജ്ഞാനതപസ്വി, സ്വാമി സായൂജ്യനാഥ് ജ്ഞാനതപസ്വി, വി.കെ.എൽ.ഗ്രൂപ്പ് സി.ഇ.ഒ. എൻ.അയ്യപ്പൻ ഐ.എ.എസ്. (റിട്ട.)., ഡോ.എസ്.എസ്. ഉണ്ണി, ഡോ കെ.എൻ.ശ്യാംപ്രസാദ്, പ്രമോദ് എം.പി., അഡ്വ.വി.ദേവദത്തൻ എന്നിവർ പങ്കെടുത്തു. കഴക്കൂട്ടം ടെക്നോപാർക്കിൽ നിന്നും 10 കി.മി. ഉള്ളിലാണ് ഈ ഫ്ളാറ്റ് സമുച്ചയം ഉയർന്നിരിക്കുന്നത്.



*വി.കെ.എൽ. ശാന്തി ഹോംസ് മന്ത്രി ജെ. മേഴ്സിക്കുട്ടിയമ്മ ഉദ്ഘാടനം ചെയ്യുന്നു*

ശാന്തിഗിരി ആയുർവേദ & സിദ്ധ ഹോസ്പിറ്റൽ, വിഷപ്പുകയും തിക്കും തിരക്കുമില്ലാത്ത ഗ്രാമ ആശ്രമ അന്തരീക്ഷം, ഷോപ്പിംഗ് സൗകര്യം എന്നിവയും ഈ ഫ്ളാറ്റിന്റെ പ്രത്യേകതയാണ്. കൂടാതെ ലാന്റ് സ്കേപ്പ്ഡ് ഗാർഡൻസ്, വേസ്റ്റ് വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റ്, മഴവെള്ള സംഭരണി, പ്രാർത്ഥനാഹാൾ, ഹെൽത്ത് ക്ലബ്, വാഹനം ശുചിയാക്കുന്നതിനുള്ള പ്രത്യേക സ്ഥല സൗകര്യം, 24 മണിക്കൂറും പ്രവർത്തിക്കുന്ന സെക്യൂരിറ്റി സംവിധാനം എന്നിവയും ലഭ്യമാണ്. 1 BHK, 2 BHK, 3 BHK ഭവനങ്ങളാണ് തയ്യാറാക്കിയിട്ടുള്ളത്. ബുക്കിംഗിനായി ബന്ധപ്പെടുക. ഫോൺ : 7034022332, 8111882411.

# ഗുരുവാണി

ഒരു സന്ന്യാസി ഫലപ്രാപ്തിയിലെത്തുന്നത് അയാളുടെ പ്രയത്നശീലവും ത്യാഗവും കൊണ്ടാണ്. ഹിന്ദുക്കൾ എന്നല്ല, മനുഷ്യരെല്ലാം അറിഞ്ഞിരിക്കേണ്ട ഒരു കാര്യമാണിത്. ഈ ത്യാഗമുള്ള, അല്ലെങ്കിൽ ഒരു ഗുരുപരമ്പരയിൽപ്പെട്ട ഒരാളായാലും ശരി, ഒരു സ്ഥലത്തോ ഒരു വീടിനകത്തോ ഒരു പുരയിടത്തിലോ കാലെടുത്തു വയ്ക്കുമ്പോൾ, 'എന്താണോ ഇവിടെ സംഭവിക്കേണ്ടത്, എന്റെ ത്യാഗത്തിൽപ്പെട്ട ഒരു രംഗം അവർക്ക് ഉണ്ടാകണം' എന്നു തോന്നും. ത്യാഗി ആണെങ്കിലേ അങ്ങനെ തോന്നാറുള്ളൂ. അല്ലാത്തവർക്ക് അങ്ങനെ തോന്നുകയില്ല. അവർ ചെല്ലുന്നിടത്തു നിന്ന് എന്തെങ്കിലുമൊക്കെ അങ്ങോട്ടു വലിക്കാനേ നോക്കൂ. മൊത്തത്തിൽ മനുഷ്യന്റെ അറിവ് അങ്ങനെയാണ്.

ത്യാഗിക്ക് അങ്ങനെയല്ല. അവനു സ്വന്തമായൊന്നു സമ്പാദിക്കണമെന്നോ അവന്റെ ജീവന്റെ പുണ്യമൊഴിച്ച് മറ്റൊരു ആഗ്രഹമോ അവനുണ്ടായിരിക്കുകയില്ല. അങ്ങനെ അനവധി കാലങ്ങൾ ജീവിച്ച്, പല ജന്മങ്ങളെടുത്ത്, ഈ തപോബലങ്ങളെല്ലാം കൂടി ഒരുമിച്ച് ജ്ഞാനത്തിലെത്തും. ജ്ഞാനത്തിൽ എത്തിയിട്ടു വരുന്നതാണ്, ഗുരുവായിട്ട്. ജ്ഞാനി ജനിക്കുമ്പോൾ, ജ്ഞാനവഴിയിൽ യാതൊന്നും അറിയാതെയായിരിക്കും ജനിക്കുക. ജനിച്ചു വളർന്നു കഴിഞ്ഞാൽ ഒരു പ്രസ്ഥാനമോ മറ്റെന്തെങ്കിലുമോ അവൻ ഉണ്ടാക്കിയിരിക്കും. അവിടം മുതൽ വീണ്ടും പ്രവർത്തനം തുടങ്ങുകയായി. ആ പ്രവർത്തനമാണ് ലോകനന്മക്കായി ബ്രഫ്മനിശ്ചയമാക്കി വച്ചിരിക്കുന്നത്. അങ്ങനെയുള്ള പ്രവർത്തകൻ, അല്ലെങ്കിൽ അതിന്റെ ഗുരുപരമ്പര എവിടെ ചെന്നാലും വഴിയേ നടന്നാലും എവിടെ നടന്നാലും വീടിന്റെയും നാടിന്റെയും എവിടെ, എങ്ങനെയാണെന്ന് ശ്രദ്ധിച്ചു കൊണ്ടേ നടക്കൂ.

ഒരു ചിന്തകനോ ഒരു എഴുത്തുകാരനോ ഒരറ്റത്തു നിന്ന് മറ്റൊരറ്റത്തേക്ക് നടക്കുന്നതിനിടയിൽ അവന് അവിടത്തെ മാതൃക പിടികിട്ടും. സന്ന്യാസി (ജ്ഞാനി) ആവുമ്പോൾ എന്താണു ചെയ്യുന്നത്? അവൻ മാതൃകയല്ല നോക്കുന്നത്. ഇവിടത്തെ ആദികാലമെങ്ങനെ? അതിന്റെ മാധ്യമമായിട്ട് ജനങ്ങൾ എന്തു സ്വീകരിച്ചിരിക്കുന്നു? ഈ നാടിന്റെ സ്വഭാവമെന്ത്? രാജ്യത്തിന് എന്തു സംഭവിച്ചിരിക്കുന്നു? ഇനി മേലിൽ എന്തു വരാൻ പോകുന്നു? ഇത്രയും ചിന്തിക്കും. എന്നിട്ട് എന്തെങ്കിലും അവിടെ ചെയ്യാവുന്നതാണെങ്കിൽ അവന്റെ സങ്കൽപം കൊണ്ടു ചെയ്യും. അങ്ങനെയുള്ള ഗുരുക്കന്മാർ വല്ലകാലത്തും ഒരിക്കൽ മാത്രമേ വരുകയുള്ളൂ. നാടിനു നാശമുണ്ടാവുമ്പോഴോ ഉലകത്തോടെ നാശം വരുന്ന കാലത്തോ ആണ് അങ്ങനെയുള്ള മഹാത്മാക്കൾ വരിക. അവർ ഒരറ്റം മുതൽ മറ്റേ അറ്റം വരെ പ്രവർത്തിച്ചുകൊണ്ടേ ഇരിക്കും. ആളെ വച്ചും അല്ലാതെയും പ്രവർത്തിക്കും.

ഒരു ചതുർയുഗത്തിനു വേണ്ടി അങ്ങനെയുള്ള അഞ്ചു ഗുരുക്കന്മാർ വരും. അങ്ങനെയുള്ള ഗുരുക്കന്മാരിലൂടെയാണ് ഈ ലോകത്തിനു സ്ഥായീഭാവം ഉണ്ടാകുന്നത്. ഈ പ്രവർത്തനം എന്താണെന്ന് നാടിനും വീടിനും ഓരോ വ്യക്തിക്കും മനസ്സിലാക്കിക്കൊടുത്തില്ലെങ്കിൽ നാടിന്റെ നന്മ നിലനിൽക്കുകയില്ല. അവർ ഒരു സങ്കൽപം ചെയ്യുമെന്നല്ലാതെ പ്രവൃത്തി ലോകരുടെ കൈയിലാണിരിക്കുന്നത്. അവരെ കുറെ ഭയം കൊടുത്തും കുറെ സ്നേഹം കൊടുത്തും കുറെ കർമശേഷി കൊണ്ടും കുറെ ഉത്സാഹം കൊണ്ടും ഏതു രീതിയിലാണോ നന്നാക്കേണ്ടത്, അങ്ങനെ ഗുരു നന്നാക്കിയെടുക്കും. അല്ലെങ്കിൽ എന്തുപറ്റും? നാടിന്റെ കെട്ടവാസന പ്രവർത്തിച്ചു മുന്നേറും. അതാണ് സാധുക്കളില്ലാത്ത രാജ്യം കെട്ടത് എന്നു പറയാൻ കാരണം.

സാധുക്കൾ എന്നു പറഞ്ഞാൽ സത്തുക്കൾ. അവരിൽ നിന്നാണ് നമുക്കും രാജ്യത്തിനും ധന്യത ലഭിക്കുക. സമകാലീനരിൽ അറിവുള്ളവർക്ക്, ഗുരുപരമ്പരയിൽപ്പെട്ടാണ് അവരുടെ പ്രവർത്തനമെങ്കിൽ, ആ നാടിനും നാട്ടുകാർക്കും എന്നത്തേക്കുമായി എന്തെങ്കിലും ശാന്തിയും സമാധാനവും കിട്ടത്തക്കരീതിയിൽ ഞങ്ങളെക്കൊണ്ട് പ്രവർത്തിപ്പിക്കണേ അപ്പാ എന്നുള്ള ആഗ്രഹമായിരിക്കും. മറ്റുള്ളവർ അങ്ങനെയല്ല. പ്രൗഢി കാണിക്കാൻ വേണ്ടിയായിരിക്കും പ്രവർത്തിക്കുന്നത്. പ്രൗഢിയുടേതായ പ്രവർത്തനശേഷി നിലനിൽക്കുകയില്ല. എന്നാൽ വിശ്വാസമുള്ളതുകൊണ്ട് എന്തെങ്കിലുമൊന്നു നടക്കും.

## വചനദീപ്തി

*'ഗുരുനാഥൻ തുണചെയ്ക സന്തതം തിരുനാമങ്ങൾ നാവിന്മേലെപ്പൊഴും*
*പിരിയാതെയിരിക്കണം നമ്മുടെ നരജന്മം സഫലമാക്കീടുവാൻ*

**ജ്ഞാനപ്പാന**

## സ്പിരിച്വൽ ഡ്യൂട്ടി ലിസ്റ്റ്

**11.10.2019 – കാഞ്ഞാംപാറ, ലക്ഷ്മിപുരം, 12.10.2019 – ശാന്തിഗിരി ജംഗ്ഷൻ**

## യാമപ്രാർത്ഥന

**2019 ഒക്ടോബർ 10 വ്യാഴം : 6 AM–9 AM**

# പ്രകൃതിക്കു നിദാനമായ സങ്കല്പശക്തി

**പ്രകാശപഥം**

സ്ത്രീത്വമെന്ത്, സ്ത്രീയുടെ മഹത്വമെന്ത്, ഈയൊരറിവ് ആരും നമുക്കു പകർന്നില്ല. തന്മൂലം സ്ത്രീയെ ദൈവികസമ്പ്രദായങ്ങളുമായി അടുപ്പിച്ചാൽ അശുദ്ധമാകും എന്ന ഒരു ധാരണ തന്ത്രവഴിയിൽ സൃഷ്ടിച്ചുവച്ച് സ്ത്രീയെ നന്മയുള്ള കാര്യങ്ങളിൽ നിന്ന് അകറ്റിനിർത്തിയതാണ്. യോനീമുദ്ര കാണിച്ച് നീചവൃത്തി പ്രയോഗിച്ച താന്ത്രികവിദ്യയും വൈദികവും എന്തിനുവേണ്ടിയായിരുന്നു? ദേവന്റെ ദാസ്യപദവി കല്പിച്ച അടിമവേലയും മറ്റനാവശ്യങ്ങളും ചെയ്യിപ്പിച്ച് പരിശുദ്ധി നഷ്ടപ്പെടുത്തിയത് എന്തിനു വേണ്ടിയായിരുന്നു? നീചവൃത്തികളിലൂടെ പരിശുദ്ധിനഷ്ടപ്പെട്ട ജീവൻ ചത്തുകെട്ട് ഗതിയില്ലാതെ അലഞ്ഞ് ഉപദ്രവങ്ങൾ ചെയ്യുന്ന പൈശാചികങ്ങളായും, ഉല്പത്തി കർമഗതിയായിത്തീരുന്ന സൃഷ്ടികർമത്തിൽ, ഗോളാന്തര സ്വഭാവത്തിൽ ചൊവ്വാഗ്രഹത്തിൽ പോയി നിന്ന് രാഹുകേതുക്കളായി ദോഷനിഭൃതമായ ജന്മത്തിന്റെ ഉടമകളായിത്തീരുകയും ചെയ്യുന്നു. ഈ വഴിയിൽ അനേകകോടി ആത്മാക്കൾ ഗതിയില്ലാതെ നില്ക്കുകയാണ്. ജന്മരാശിനക്ഷത്രങ്ങളിൽ വന്നുപോയിട്ടുള്ള ഈ ദോഷവശം ഗുരുപ്രകാശത്തിൽ അഴിച്ച്, ഗുരുവിന്റെ തപോബലത്തിന്റെ കനിവിൽ, ദോഷവശങ്ങൾ മാറ്റിയും, പരിശുദ്ധയാണെങ്കിൽ കന്യകയുടെ സ്ഥാനവും ദേവിയുടെ സ്ഥാനവും ഭദ്രയുടെ സ്ഥാനവും കടത്തി പതിവ്രതയാക്കി, ത്രിമൂർത്തികൾക്കപ്പുറം പരാശക്തിയായും ശക്തിസ്വരൂപിണിയായും, പ്രകൃതിക്കുതന്നെ നിദാനമായ സങ്കല്പശക്തിയുടെ അവസ്ഥ കടത്തി പുണ്യാതിരേകമായി നില്ക്കുന്ന മാതാവായും ഉയർത്തുന്നു. ഇതുപോലെതന്നെ പുരുഷനും സൂക്ഷിച്ചുപോയാൽ ഗുരുസങ്കല്പത്തിൽ ദേവനായും ദേവേന്ദ്രനായും ഋഷിയായും സന്ന്യാസിയായും പദവികൾ കടന്ന് ഭക്തന്റെ സ്ഥാനം വരെ എത്തിച്ചേരാം. ഈ പദവികളിലെല്ലാം സ്ത്രീപുരുഷന്മാരെ കടത്തിവിടാൻ ബ്രഹ്മനിയോഗത്തിൽവന്ന ഒരു ഗുരുവിനേ (ത്രികാലജ്ഞനായ ദീർഘദർശി) സാധിക്കൂ. യുഗാന്തരധർമങ്ങളിലൂടെ കടന്നുവന്ന ജീവന്മുക്തനാണ് ഇങ്ങനെയുള്ള ആത്മജ്ഞാനി. ഗുരു എത്രയോ യുഗാന്തരധർമങ്ങളിലൂടെ കടന്നുവന്നിട്ടുള്ളതായി ഞാൻ കണ്ടിട്ടുണ്ട്. ഇരുപത്തിയൊന്നു ജന്മങ്ങൾ പരിശുദ്ധ ഗൃഹസ്ഥാശ്രമിയായും, ഏഴു ജന്മങ്ങൾ നിത്യബ്രഹ്മചാരിയായും സന്ന്യാസിയായും ഗുരു വന്നിട്ടുള്ളതായും ഞാൻ കണ്ടിട്ടുണ്ട്.

ഈ അവസ്ഥാഭേദങ്ങൾ സ്വയം കടന്നുപോരാൻ ഒരു ആത്മാവിനു സാദ്ധ്യമാണോ? ലോകത്തിന്നോളം വന്നിട്ടുള്ള സർവ മഹാന്മാരും അതിനു കഴിയാതെ വെട്ടിൽ വീണുപോയ ചരിത്രമാണു നാം മനസ്സിലാക്കുന്നത്. 'സൂക്ഷ്മത്തിലെ കൊലകൊമ്പൻമാർ' എന്നു വിവക്ഷിക്കപ്പെടുന്ന അന്തര്യാമികൾ ഓരോ അവസ്ഥയിലും വെട്ടിൽ വീഴ്ത്താൻ തക്കം പാർത്തു നിൽക്കുകയാണ്. ത്രിമൂർത്തി അവസ്ഥയ്ക്കു താഴെയും മുകളിലും നിൽക്കുന്ന തിര്യക്കുകളും യോഗഭ്രഷ്ടൻമാരും, ചില ബ്രഹ്മരക്ഷസ്സുകൾ പോലെയുള്ള ജിന്നുക്കളും രാജജിന്നുക്കളും മഹാന്മാരുടെ ആത്മീയവളർച്ചയ്ക്കു വിഘ്നം വരുത്തിക്കൊണ്ട് ശക്തിയാർജ്ജിച്ചു നിൽക്കുന്നു. നേരത്തെ സൂചിപ്പിച്ച ദേവദാസി സമ്പ്രദായത്തിൽപ്പെട്ടു ദുഷിച്ചുപോയ നീചശക്തികൾ മാത്രമല്ല, ദേവീദേവൻമാർപോലും അങ്ങോട്ടും ഇങ്ങോട്ടും പോകാൻ സാധിക്കാത്ത വിധത്തിൽ അപകടം പണിയുക മാത്രമല്ല, മാർഗതടസ്സങ്ങൾ സൃഷ്ടിച്ച് അപായപ്പെടുത്താനായി ആൾബലം വർദ്ധിപ്പിക്കാൻ വെമ്പൽ കൊള്ളുന്നു.

( **'ദൈവസ്നേഹം പങ്കുവയ്ക്കുന്ന നിമിഷാർദ്ധങ്ങൾ'** അഭിവന്ദ്യ ശിഷ്യപൂജിതയുടെ പ്രഭാഷണത്തിൽ നിന്ന് )

# കാലാനുസൃതമായ ധർമം

1984 ലെ വിജയദശമി നാളിലാണ് ശാന്തിഗിരിയിലെ ആദ്യത്തെ സന്ന്യാസദീക്ഷാകർമം നടന്നത്. അന്ന് 33 പേർ അടങ്ങുന്ന ഒരു സംഘം സ്ത്രീപുരുഷൻമാർക്ക് ദീക്ഷ നൽകിക്കൊണ്ടാണ് ശാന്തിഗിരിയുടെ സന്ന്യാസി സംഘമായ ഗുരു ധർമപ്രകാശസഭയ്ക്ക് ഗുരു രൂപം നൽകിയത്. തുടർന്ന് എല്ലാ വർഷവും വിജയദശമി ദിനത്തിൽ ശാന്തിഗിരിയിൽ സന്ന്യാസദീക്ഷാ വാർഷികം ആഘോഷിച്ചു വരുന്നു. ഗുരു ആദിസങ്കൽപത്തിൽ ലയിച്ചതിനുശേഷം ഗുരുവിന്റെ കൽപന പ്രകാരമാണ് ദീക്ഷാകർമം നടന്നത്. ഗുരു ശരീരത്തിൽ ഇല്ലെങ്കിലും സന്ന്യാസം സ്വീകരിക്കുന്നവർക്ക് ഗുരു തന്നെയാണ് സൂക്ഷ്മത്തിൽ നിന്നുകൊണ്ട് വസ്ത്രദീക്ഷയും നാമദീക്ഷയും മറ്റു നിർദേശങ്ങളും നൽകിയത്. ഇതു ദർശനമുള്ള ശിഷ്യർക്ക് അനുഭവത്തിലൂടെ കാണാനായിട്ടുണ്ട്.

സൂക്ഷ്മജ്ഞാനത്തിന്റെ കാര്യത്തിൽ ലോകത്തിലെ ഏതു സ്ഥാപനത്തെ എടുത്തു നോക്കിയാലും ശാന്തിഗിരി സന്ന്യാസിസംഘത്തിനു തുല്യം മറ്റൊന്നില്ല. ഗുരു ശരീരത്തിൽ ഇരുന്നു കൊണ്ടും ഇപ്പോൾ സൂക്ഷ്മത്തിൽ നവഒലിയായി നിന്നു കൊണ്ടും പകർന്നു നൽകുന്ന മഹാജ്ഞാനം സ്വീകരിക്കാനും ലോകത്തിനു പകർന്നു കൊടുക്കാനുമുള്ള ഉപാധിയായിട്ടാണ് ഗുരുധർമപ്രകാശസഭ നില കൊള്ളുന്നത്. ഗുരുധർമപ്രകാശസഭ സന്ന്യാസത്തിന്റെ പൂർണമായ സ്ഥാനമാണ്. ഇന്നു സമൂഹത്തിൽ സന്ന്യാസിമാർക്ക് മാന്യതയില്ല. എന്തെന്നാൽ ഏതോ അടിസ്ഥാമപരമായ ഒരു അറിവുകേടു നിമിത്തം സന്ന്യാസം ആ നിലയിൽ ആയിപ്പോയി. സന്ന്യാസത്തിന്റെ നഷ്ടപ്പെട്ടുപോയ മഹിമയെയും പൂർണതയെയും വീണ്ടെടുക്കുക എന്നതാണ് ഗുരുധർമപ്രകാശസഭയിൽ നിക്ഷിപ്തമായിരിക്കുന്ന ബ്രഹ്മനിയോഗം. ഗൃഹസ്ഥാശ്രമി പുലർത്തേണ്ട ധർമനിഷ്ഠയെക്കുറിച്ച് ശരിയായ അറിവു കിട്ടേണ്ടത് സന്ന്യാസിയിൽ നിന്നുമാണ്. സന്ന്യാസിക്കു മാർഗം തെറ്റിപ്പോയാൽ ധർമലോപം സംഭവിക്കുന്നത് ഗൃഹസ്ഥാശ്രമിക്കാണ്. അതുകൊണ്ട് ഗൃഹസ്ഥാശ്രമി ഒരിക്കലും സന്ന്യാസിയെ നിന്ദിക്കരുത്. സന്ന്യാസിയുടെ യോഗ്യതയിലൂടെ സംരക്ഷിക്കപ്പെടേണ്ട ധാർമികവശം സന്ന്യാസിക്ക് എന്നതിലുപരി ഗൃഹസ്ഥാശ്രമിക്കാണു പ്രധാനമായിട്ടുള്ളത്.

കഴിഞ്ഞ 100 യുഗങ്ങളിലായി സന്ന്യാസിയും ബ്രഹ്മചാരിയും ഗൃഹസ്ഥാശ്രമിയും തമ്മിലുള്ള ബന്ധം തെറ്റുബാധിച്ചു കിടക്കുകയാണ്. ഇതിനു കാരണം ഇന്നു നിലവിലിരിക്കുന്ന ഏഴാമത്തെ മന്വന്തരത്തിലെ മൂന്നാമത്തെ ചതുർയുഗാന്ത്യത്തിൽ വന്ന ഒരാചാര്യനു സംഭവിച്ച തെറ്റാണ്. അതുമൂലം കഴിഞ്ഞ 25 ചതുർ യുഗങ്ങളായി സനാതനധർമത്തിനു പിഴവു വന്നുപോയി. അതോടെ ആശ്രമധർമങ്ങളും താറുമാറായി. ലോകത്തെ സ്ഥൂലസൂക്ഷ്മ തലങ്ങളിൽ ശക്തിപ്പെട്ടു നിൽക്കുന്ന ധർമഭ്രംശത്തിനു മൂലകാരണം ഇതാണ്. ഒരു ജീവിത ധർമത്തിൽക്കൂടി മാത്രമേ ഇതു തിരുത്താനാവൂ. ബ്രഹ്മചാരിയും ഗൃഹസ്ഥാശ്രമിയും സന്ന്യാസിയും അതാതു ധർമങ്ങളിൽ നീതിയും പരിശുദ്ധിയും ഉള്ളവരായിത്തീരണം. ആ ലക്ഷ്യത്തോടെ നവജ്യോതി ശ്രീകരുണാകരഗുരു സ്ഥാപിച്ച സന്ന്യാസിസംഘമാണ് 'ഗുരുധർമപ്രകാശസഭ' ഗുരുവിന്റെ ഇച്ഛയ്ക്കൊത്ത് എക്കാലത്തും കാലാനുസൃതമായ ധർമത്തെ വളർത്തി, പുലർത്തി, നിലനിർത്തി ബ്രഹ്മനിശ്ചയം സാക്ഷാത്കരിക്കുക, ലോകധർമഗതിയെ ശുദ്ധീകരിക്കുക ഇവയാണ് സഭയുടെ ആത്യന്തിക ലക്ഷ്യബോധം. സർവ ആത്മാക്കൾക്കും മോചനവും മുക്തിയും ലഭ്യമാക്കാനുള്ള കർമധർമങ്ങളാണ് ഗുരുധർമപ്രകാശസഭയുടെ വിഭാവന.

സന്ന്യാസി എങ്ങനെ മാനിക്കപ്പെടണം എന്ന് സന്ന്യാസിയും സന്ന്യാസിയെ എങ്ങനെ മാനിക്കണമെന്ന് ഗൃഹസ്ഥാശ്രമിയും അറിഞ്ഞു ജീവിക്കുന്ന സഹിഷ്ണുതാബോധത്തിന്റെ ഏറ്റവും വലിയ തത്ത്വദീക്ഷ ശാന്തിഗിരിയിൽ പുലരുന്നു.



ആശ്രമം സന്ദർശിച്ച വയോജനസംഘം

## വയോജനദിനത്തിൽ ശാന്തിഗിരി സന്ദർശിക്കാൻ വയോധികരെത്തി

**ശാന്തിഗിരി മീഡിയറിലേഷൻസ്**

**പോത്തൻകോട്:** ലോകവയോജന ദിനമായ ഒക്ടോബർ 1ന് ഒരു സംഘം വയോധികർ ശാന്തിഗിരി ആശ്രമം സന്ദർശിച്ചു. അടൂരിന് സമീപമുള്ള ഏഴംകുളം പഞ്ചായത്തിലെ മൂന്നാം വാർഡ് തൊടുവക്കാടുനിന്ന് 47 പേരാണ് ശാന്തിഗിരി കാണാനും അറിയാനുമായി എത്തിയത്. 33 സ്ത്രീകളും ബാക്കി പുരുഷന്മാരുമാണ് സംഘത്തിലുണ്ടായിരുന്നത്. ശാന്തിഗിരി പബ്ലിക് റിലേഷൻസ് അസി.ജനറൽ മാനേജർ എം. പി പ്രമോദ്, സജീവൻ ഇടക്കാടൻ, രാജീവ് ദേവരാജ് എന്നിവർ ആശ്രമത്തെക്കുറിച്ചുള്ള വിവരങ്ങൾ വിശദീകരിച്ചു.

ശാന്തവും സുന്ദരവുമായ അന്തരീക്ഷമാണ് ആശ്രമത്തിൽ നിറഞ്ഞു നിൽക്കുന്നതെന്നും ആശ്രമം നടന്നു കണ്ട വയോജനങ്ങൾക്ക് ഒരു പുത്തൻ ആത്മീയാനുഭവമാണ് ഉണ്ടായതെന്നും സംഘത്തെ നയിച്ച മുൻ പഞ്ചായത്ത് പ്രസിഡന്റും വാർഡ് അംഗുമായ വിജു രാധാകൃഷ്ണൻ പറഞ്ഞു. പി.കെ ഡാനിയേൽ, അജിതാ സുധാകരൻ, സിജോ വർഗീസ്, പഞ്ചായത്ത് സെക്രട്ടറി ബിന്ദുലേഖ എന്നിവരാണ് നേതൃത്വം നൽകിയത്. ഇവിടെനിന്നും വയോജന സംഘം മൃഗശാല കാണാൻ പോയി.

## സന്ന്യാസദീക്ഷാ വാർഷികം

(ഒന്നാം പേജ് തുടർച്ച)

നന്മയുടെയും സമൃദ്ധിയുടെയും അറിവിന്റേയുമെല്ലാം മംഗളദിനമാണ് വിജയദശമി. ഗുരുസന്നിധിയിൽ കുഞ്ഞുങ്ങളുടെ പിഞ്ചുവിരലുകൾ അരിമണികളിൽ നിന്നും അക്ഷരചൈതന്യം നുകരുമ്പോൾ അതിന് സാക്ഷ്യം വഹിച്ച് "അക്ഷരം ബ്രഹ്മം" എന്ന സങ്കല്പസാക്ഷാത്കാരത്തിന്റെ അധിനാഥനായ ഗുരുവിന്റെ സ്വാധീനത്തിലായിരിക്കട്ടെ തങ്ങളുടെ മക്കൾ എന്ന പ്രാർത്ഥനയുടെയും പ്രതീക്ഷയുടെയും പ്രകാശം നിറഞ്ഞതായിരിക്കും അന്ന് രക്ഷിതാക്കളുടെ ഹൃദയം.

ഗുരുവിന്റെ വിഭാവനയിൽ ഔപചാരികമോ അനൗപചാരികമോ ആയ പരിത്യാഗമല്ല സന്ന്യാസം. സന്ന്യാസം ത്യാഗത്തിന്റെ അന്തിമമായ ആനന്ദമാകുന്നു. പ്രാർത്ഥനാനിരതമായ ജീവിതത്തിലൂടെ ആ ആനന്ദം നുകരുക. ഈ ലോകത്തിന്റെ സൗന്ദര്യങ്ങളിലും സത്യസാക്ഷാത്കാരത്തിന്റെ നിർവൃതിയിലും ആനന്ദിക്കുക. സാധാരണമായതിനെ വിശുദ്ധിയിലേക്ക് പരിവർത്തിക്കുക. ഇവിടെ സ്വതവേ പരോക്ഷമായ പരിത്യാഗം സംഭവിക്കുകയാണ്. മാത്രമല്ല സ്വന്തം പരിമിതികളെയും നിരാസങ്ങളെയും നിരർത്ഥകമായ കെട്ടുപാടുകളെയും സത്യസാക്ഷാത്കാരത്തിന് തടസ്സമായ സംഗതികളെയും അനുയോജ്യമല്ലാത്ത ഇടങ്ങളെയും പരിത്യജിക്കുക. ഇതാണ് സന്ന്യാസം. സന്ന്യാസദീക്ഷാ വാർഷികത്തിന്റെ ഭാഗമായുള്ള 10 ദിവസത്തെ വ്രത സങ്കല്പങ്ങൾ സെപ്തംബർ 29 ഞായറാഴ്ച ആരംഭിച്ചു. രാവിലെയും വൈകുന്നേരവും പ്രത്യേക പ്രാർത്ഥനാസങ്കല്പങ്ങൾ നടന്നുവരുന്നു.



ശാന്തിഗിരി വിദ്യാഭവൻ വിദ്യാർത്ഥികൾ സോളാർ വിളക്കുമായി

## സ്റ്റുഡന്റ് സോളാർ അമ്പാസഡർമാരായി ശാന്തിഗിരി വിദ്യാഭവനിലെ വിദ്യാർത്ഥികൾ

**എജ്യുക്കേഷൻ സോൺ:** സോളാർ അമ്പാസഡർമാരായി ശാന്തിഗിരി വിദ്യാഭവൻ സീനിയർ സെക്കന്ററി സ്കൂളിലെ വിദ്യാർത്ഥികൾ. ഗാന്ധിജിയുടെ നൂറ്റിയൻപതാം ജന്മദിനത്തോടനുബന്ധിച്ചാണ് കുട്ടികൾ സോളാർ അമ്പാസഡർമാരായി സോളാർ വിളക്ക് നിർമ്മാണം നടത്തിയത്.

മുംബൈ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിയുടെ സഹകരണത്തോടെയാണ് കുട്ടികൾ പരിപാടിയിൽ പങ്കാളികളായത്. കുട്ടികളിൽ ശാസ്ത്രാഭിരുചി വളർത്തുന്നതിനുള്ള കേന്ദ്രസർക്കാർ സംരംഭമായ അടൽ ടിങ്കറിംഗ് ലാബ്, റോബോട്ടിക് ലാബ് തുടങ്ങിയവ സ്കൂളിൽ പ്രവർത്തിക്കുന്നുണ്ട്.

## ശാന്തിഗിരി വിദ്യാഭവന് 'നല്ലപാഠം' പുരസ്കാരം

**തിരുവനന്തപുരം:** മലയാള മനോരമ ഏർപ്പെടുത്തിയ 'നല്ലപാഠം' പുരസ്കാരം തിരുവനന്തപുരം ശാന്തിഗിരി വിദ്യാഭവൻ സീനിയർ സെക്കന്ററി സ്കൂളിന് ലഭിച്ചു. ജില്ലയിലെ നല്ലപാഠം പദ്ധതി നടക്കുന്ന സ്കൂളുകളിൽ നിന്ന് നാലാം സ്ഥാനമാണ് ശാന്തിഗിരി വിദ്യാഭവൻ കരസ്ഥമാക്കിയത്. തിരുവനന്തപുരം ബാങ്ക് എംപ്ലോയീസ് ഹാളിൽ വച്ച് നടന്ന പരിപാടിയിൽ പൊതു വിദ്യാഭ്യാസ സെക്രട്ടറി എ. ഷാജഹാൻ ഐ. എ.എസ്സിൽ നിന്ന് നല്ലപാഠം കോ ഓർഡിനേറ്റർ ബിന്ദുനന്ദന പുരസ്ക്കാരം ഏറ്റുവാങ്ങി. പാരിസ്ഥിതികം, സാമൂഹികം, ജീവകാരുണ്യം തുടങ്ങിയ രംഗങ്ങളിലെ മികവുറ്റ പ്രവർത്തനങ്ങളാണ് നല്ലപാഠം 'ഫുൾ എ പ്ലസ്' പുരസ്കാരത്തിന് വിദ്യാലയത്തെ അർഹമാക്കിയത്. ഇത്തരം പ്രവർത്തനങ്ങളിലുള്ള സ്കൂളിന്റെ ഇടപെടൽ ശ്രദ്ധേയമാണെന്ന് കവി വി.മധുസൂദനൻ നായർ ഉൾപ്പെട്ട വിധി നിർണ്ണയ സമിതി വിലയിരുത്തിയിരുന്നു.

ഐക്യരാഷ്ട്രസഭയുടെ കേരള റിക്കവറി കോ ഓർഡിനേറ്റർ ജേക്കബ് സഖറിയ പരിപാടി ഉദ്ഘാടനം ചെയ്തു. ദുരന്തനിവാരണ അതോറിറ്റി ഹസാഡ് അനലിസ്റ്റ് നിഥിൻ ഡേവിസ്, മലയാള മനോരമ ചീഫ് ന്യൂസ് എഡിറ്റർ മാർക്കോസ് എബ്രഹാം , ചീഫ് ഓഫ് ബ്യൂറോ ജോൺ മുണ്ടക്കയം, ഡെപ്യൂട്ടി ജനറൽ മാനേജർ സി.എ. തോമസ് തുടങ്ങിയവർ പങ്കെടുത്തു. ഫലകവും ക്യാഷ് അവാർഡും ഉൾപ്പെടുന്നതാണ് പുരസ്കാരം.



'നല്ലപാഠം' പുരസ്കാരം ബിന്ദുനന്ദന ഏറ്റുവാങ്ങുന്നു

## വിശ്വസംസ്കൃതി കലാരംഗത്തിൽ പുതിയക്ലാസ്സുകൾ ആരംഭിക്കും

**റിസർച്ച് സോൺ:** വിജയദശമിയോടനുബന്ധിച്ച് ശാന്തിഗിരി വിശ്വസംസ്കൃതി കലാരംഗത്തിൽ കർണാട്ടിക് വോക്കൽ, വയലിൻ, ഗിത്താർ, കീബോർഡ്, നാഗസ്വരം, പഞ്ചവാദ്യം, ചെണ്ടമേളം, ചിത്രരചന തുടങ്ങിയവയുടെ പുതിയ ക്ലാസ്സുകൾ ഒക്ടോബർ 8 ചൊവ്വാഴ്ച മുതൽ ആരംഭിക്കും. വിവരങ്ങൾക്കായി ബന്ധപ്പെടുക. 9847488614, 9961295748.



അങ്കണവാടിയിൽ നടന്ന എൻ.എസ്.എസ്. ദിനാഘോഷം

## എൻ.എസ്.എസ്. ദിനാഘോഷം

**എജ്യുക്കേഷൻ സോൺ:** ശാന്തിഗിരി വിദ്യാഭവൻ ഹയർ സെക്കന്ററി സ്കൂളിലെ എൻ.എസ്. എസ്. ദിനാഘോഷത്തിന്റെ ഭാഗമായി വോളന്റിയർമാർ പൂലന്തറ അങ്കണവാടിയിലെ കുരുന്നുകൾക്ക് പഠനോപകരണം നൽകി. കേക്ക് മുറിച്ചും പാട്ടു പാടിയും കഥകൾ പറഞ്ഞു കൊടുത്തും ചെടികൾ നട്ടുപിടിപ്പിച്ചും വോളന്റിയർമാർ കുരുന്നുകളെ സന്തോഷിപ്പിച്ചു. ചടങ്ങിൽ സ്കൂളിലെ എൻ. എസ്.എസ്. പ്രോഗ്രാം ഓഫീസർ സജീർ. എ, അങ്കണവാടി ടീച്ചർ ഉഷ, എൻ.എസ്.എസ്. ലീഡർമാരായ ആദിത്യ, ജ്യോതിഷ് എന്നിവർ സംസാരിച്ചു.



ആശ്രമം ജനറൽ സെക്രട്ടറി സ്വാമി ഗുരുരത്നം ജ്ഞാനതപസ്വിക്ക് പി.ഐഷാപോറ്റി എം.എൽ.എ സ്നേഹോപഹാരം നൽകുന്നു

# മനുഷ്യത്വവും മാനവികതയും വളർത്തുക ലക്ഷ്യം : സ്വാമി ഗുരുരത്നം ജ്ഞാനതപസ്വി

**കൊട്ടാരക്കര:** മനുഷ്യത്വവും മാനവികതയും വളർത്തുകയാണ് ലക്ഷ്യമെന്ന് ശാന്തിഗിരി ആശ്രമം ജനറൽ സെക്രട്ടറിയായി ചുമതലയേറ്റ സ്വാമി ഗുരുരത്നം ജ്ഞാന തപസ്വി പ്രസ്താവിച്ചു. ശാന്തിഗിരി ആശ്രമം കൊട്ടാരക്കര ബ്രാഞ്ചിൽ നടന്ന സ്വീകരണ പരിപാടികൾക്ക് ശേഷം മാദ്ധ്യമങ്ങളോട് സംസാരിക്കുകയായിരുന്നു സ്വാമി.

ദന്തഗോപുരങ്ങളിൽ ഇരുന്നുകൊണ്ട് സാമൂഹ്യ ഇടപെടലുകൾ നടത്തിയിട്ട് കാര്യമില്ല. പൊതുസമൂഹത്തിന്റെ ഇടയിലേക്കിറങ്ങി പ്രവർത്തിക്കാനാണ് തീരുമാനം. പ്രത്യക്ഷമായോ പരോക്ഷമായോ രാഷ്ട്രീയ നിലപാടുകൾ ആശ്രമത്തിനില്ല. രാഷ്ട്രീയത്തിനും മതത്തിനും ജാതിയ്ക്കും അതീതമായ സ്വതന്ത്രത എല്ലാക്കാലവും നിലനിർത്താൻ ആശ്രമം ശ്രമിക്കും. ഗുരുവിന്റെ സന്ദേശങ്ങൾ കാലാതിവർത്തിയാണ്. അതിൽ കാലഘട്ടത്തിനും ജീവിതമാറ്റത്തിനും അടിസ്ഥാനമായ ഇടപെടലുകൾ മാത്രമാണ് നടത്തേണ്ടതായുള്ളത്. ശാന്തിഗിരി ആശ്രമത്തിൽ എത്തേണ്ടത് ഭക്തർമാത്രമല്ല, എല്ലാ വിഭാഗം ആളുകളും ഇവിടേക്ക് എത്തേണ്ടതുണ്ട്. മനുഷ്യർ തമ്മിലുള്ള അകലം കുറയ്ക്കാനുള്ള ഇടമായി ആശ്രമകേന്ദ്രങ്ങൾ മാറും.

ആത്മീയതയെ പൊതിഞ്ഞ ഒരു കൂടാണ് മതം. മതത്തെ നിരാകരിച്ചുകൊണ്ട് ആത്മീയതയെ കാണാനാകില്ല. എന്നാൽ മതാതീത ആത്മീയതയ്ക്ക് വലിയ പ്രസക്തിയുണ്ടുതാനും. മനുഷ്യൻ നല്ലതാകണമെന്ന സാരാംശമാണ് എല്ലാ മതങ്ങളിലുമുള്ള ആത്മീയതയുടെ കാമ്പ്. കുടുംബം, സമൂഹം, രാജ്യം എന്നിങ്ങനെ പൊതുസമൂഹത്തിലാകമാനമുള്ള ഭിന്നതകൾ മാറ്റിയെടുക്കേണ്ടതുണ്ട്. പരസ്പരം വിഘടിച്ചുനിന്നുകൊണ്ട് നടത്തുന്ന ആരാധനകൾ സ്വീകരിക്കപ്പെടില്ലെന്ന തത്വം മനസ്സിലാക്കിയാണ് നമുക്ക് മുന്നോട്ട് പോകേണ്ടത്.

മാനവികതയുടെയും മതേതരത്വത്തിന്റെയും വക്താവായി മാറാനാണ് ജനറൽ സെക്രട്ടറി സ്ഥാനത്ത് ചുമതലയേറ്റപ്പോഴും താൻ ആഗ്രഹിക്കുന്നത്. ശാന്തിഗിരി ആശ്രമത്തിന്റെ വാതിലുകൾ വിശ്വാസികൾക്കപ്പുറം പൊതുസമൂഹത്തിനായി തുറന്നിടുവാൻ ആഗ്രഹിക്കുന്നതും ഈ കാഴ്ചപ്പാടോടുകൂടിയാണെന്നും സ്വാമി ഗുരുരത്നം ജ്ഞാനതപസ്വി പറഞ്ഞു. ആശ്രമം ബ്രാഞ്ചിൽ നടന്ന സ്വീകരണപരിപാടി പി.ഐഷാപോറ്റി എം.എൽ.എ. ഉദ്ഘാടനം ചെയ്തു.



ഗുരുചരണം ശരണം

12-ാം

ജന്മദിനാശംകൾ

**വന്ദന ബിജു**

പ്രാർത്ഥനയോടെ

ബിജു കെ.എസ്,

രാജി രാജൻ, ഗുരുനിശ്ചിത

'കുളങ്ങര ഹൗസ്',

പുതുശ്ശേരിമല പി.ഒ., റാന്നി,

പത്തനംതിട്ട

# ശാന്തിഗിരി പബ്ലിക്കേഷൻസ് എഡിറ്റോറിയൽ ബോർഡ് പുനഃസംഘടിപ്പിച്ചു

**സ്പിരിചൽ സോൺ:** ശാന്തിഗിരി ആശ്രമം ഡയറക്ടർ ബോർഡിന്റെ പുനഃസംഘടനയെ തുടർന്ന് ശാന്തിഗിരി പബ്ലിക്കേഷൻസ് എഡിറ്റോറിയൽ ബോർഡും പുനഃസംഘടിപ്പിച്ചു.ആശ്രമം പ്രസിദ്ധീകരണങ്ങളായ ശാന്തിഗിരി ആദ്ധ്യാത്മിക മാസിക, ആരോഗ്യപത്മം മാസിക എന്നിവയുടെ പ്രിന്റർ, പബ്ലിഷർ, ചീഫ് എഡിറ്റർ എന്നീ പദവികൾ ആശ്രമം പ്രസിഡന്റ് സ്വാമി ചൈതന്യ ജ്ഞാനതപസ്വിയും മാനേജിംഗ് എഡിറ്റർ പദവി ആശ്രമം ജനറൽ സെക്രട്ടറി സ്വാമി ഗുരുരത്നം ജ്ഞാനതപസ്വിയും വഹിക്കും.

എക്സിക്യൂട്ടീവ് എഡിറ്റർ പദവി ആശ്രമം ഫിനാൻസ് സെക്രട്ടറി ജനനി നിർമ്മല ജ്ഞാനതപസ്വിനി, ഓർഗനൈസിംഗ് സെക്രട്ടറി സ്വാമി ഗുരുമിത്രൻ ജ്ഞാനതപസ്വി എന്നിവർ വഹിക്കും. എഡിറ്റോറിയൽ ഡയറക്ടറുടെ ചുമതല സ്വാമി നവനന്മ ജ്ഞാനതപസ്വിയും എഡിറ്റോറിയൽ ഹെഡിന്റെ ചുമതല ജനനി ദിവ്യ ജ്ഞാനതപസ്വിനിയും നിർവ്വഹിക്കും. ടി.ശശിമോഹൻ എഡിറ്ററായും അനിൽ ചേർത്തല ഡെപ്യൂട്ടി എഡിറ്ററായും തുടരും.

# ഒക്ടോബർ ലക്കം വിപണിയിൽ













AKM FRUITS LAND

Commission Agent & Wholesale

Near Santhigiri Ashram, Poolanthara Jn.,

Pothencode, Tvm. Ph.no : 8943716716 ,9656985020

ഇന്ത്യയിലെ കാശ്മീർ, സിംല, മഹാരാഷ്ട്ര, ആന്ധ്രാപ്രദേശ്, കർണ്ണാടക തുടങ്ങി വിവിധ സംസ്ഥാനങ്ങളിൽ നിന്നും നേരിട്ട് എത്തിക്കുന്ന പഴവർഗ്ഗങ്ങൾക്ക് പുറമെ ഇറ്റലി, പോളണ്ട്, ന്യൂസിലാന്റ്, സൗത്ത് ആഫ്രിക്ക, കെനിയ തുടങ്ങിയ വിദേശ രാജ്യങ്ങളിൽ നിന്നും വരുത്തുന്ന ഫസ്റ്റ് ക്വാളിറ്റി ഫ്രൂട്ട്സുകൾ ഹോൾസെയിൽ & റീട്ടെയിൽ ആയി കുറഞ്ഞനിരക്കിൽ ലഭിക്കുന്നു.



ഗുരുചരണം ശരണം

ശാന്തിഗിരി സിദ്ധമെഡിക്കൽ കോളേജ് ഹോസ്പിറ്റലിൽ അലോപ്പതി ഓ.പി ആരംഭിച്ചിരിക്കുന്നു.

ഡോ. അലക്സ് ജോർജ് എം.ബി.ബി.എസ് .

തിങ്കൾ മുതൽ ശനി വരെ

ബുക്കിംഗിന് : 8943208473

ശാന്തിഗിരി സിദ്ധമെഡിക്കൽ കോളേജ് ഹോസ്പിറ്റൽ ,

ശാന്തിഗിരി പി.ഒ, പോത്തൻകോട്, തിരുവനന്തപുരം

email : siddhahospital.santhigiri@gmail.com


Printed and published by Swami Chaithanya Jnana Thapaswi, Chief Editor, on behalf of Santhigiri Ashram, Thiruvananthapuram-695589. For private circulation only.
Editorial Head: Janani Divya Jnana Thapaswini, Editor: T. Sasimohan, Deputy Editor: Anil Cherthala